# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3246 13-10-2011-ൽ മറുപടിയ്ക്ക്

### കേരള വിമൻസ് കോഡ് ബിൽ സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. എം. മാണി |

| ചോദ്യം | ഉത്തരം |
|---|---|
| (എ) കുട്ടികൾ രണ്ടിൽ കൂടിയാൽ ദമ്പതികളിൽ നിന്ന് പിഴ ഈടാക്കണെമെന്നും അവർക്ക് തടവ് ശിക്ഷ നൽകണമെന്നും ശുപാർശ ചെയ്യുന്ന കേരള വിമൻസ് കോഡ് ബില്ലിന്റെ കരട് ഇതിനകം ലഭിച്ചിട്ടുണ്ടോ; | ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ചെയർമാനായ സ്ത്രീകളുടെയും കുട്ടികളുടെയും അവകാശത്തിനും ക്ഷേമത്തിനും ആയിട്ടുള്ള കമ്മീഷൻ, കേരള വിമൻസ് കോഡ് ബില്ല് അടങ്ങുന്ന ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കരട് ബിൽ നിയമ വകുപ്പിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ലാത്തതാകുന്നു. |
| (ബി) രണ്ട് കുട്ടികൾ എന്ന വ്യവസ്ഥ ലംഘിക്കുവാൻ പ്രേരിപ്പിക്കുകയോ കൂടുതൽ കുട്ടികൾ വേണമെന്ന് പ്രചരിപ്പിക്കുകയോ ചെയ്യുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, സമുദായങ്ങൾ എന്നിവരെ ശിക്ഷാ നടപടിക്ക് വിധേയരാക്കാൻ കരട് ബില്ലിൽ ശുപാർശയുണ്ടോ; | കരട് ബില്ല് ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല. |

| | | |
|---|---|---|
| (സി) | ജനസംഖ്യാ നിയന്ത്രണം മുന്നിൽ കണ്ട് കരട് ബിൽ ശുപാർശ ചെയ്യുന്ന നിർദ്ദേശങ്ങളിൽ പലതും മതദർശനങ്ങൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനും ധാർമ്മികതക്കും തീർത്തും വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; | ബില്ല് പരിശോധിച്ചിട്ടില്ല. |
| (ഡി) | കരട് ബിൽ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിവാദ പരാമർശങ്ങൾ പിൻവലിക്കുമോ ; | പരിശോധിച്ചിട്ടില്ല. |
| (ഇ) | ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ; കരട് ബിൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | പരിഗണിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ വെളിപ്പെടുത്താം. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.